## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4423 25.10.2016- ൽ മറുപടിക്ക്

### "ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വായ്പ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ചെറുകിട വ്യവസായങ്ങൾക്ക് മൂലധന നിക്ഷേപത്തിന് ആനുപാതികമായി ധന സഹായം നല്കുന്ന എന്റർപ്രണർ സപ്പോർട്ട് സ്കീം (ESS) നിലവിലുണ്ട്. യുവ സംരംഭകർക്ക് ഈ സ്കീമിൽ 5% അധിക സബ്സിഡി നൽകുന്നുണ്ട്.<br><br>സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ട വിവിധ പരിപാടികളിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. |

| | | | |
|---|---|---|---|
| ബി) | ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഏതെല്ലാം വിധത്തിലുള്ള വായ്പാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ? | ബി) | വ്യവസായ വാണിജ്യ വകുപ്പ് നേരിട്ട് വായ്പകളൊന്നും നൽകുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ Prime Ministers Employment Guarantee Programme (PMEGP) പ്രകാരം സംരംഭകരെ തെരഞ്ഞെടുത്ത് അവരുടെ പ്രോജക്ട് ബാങ്കുകളിലേക്ക് ശുപാർശ ചെയ്യുകയും അതനുസരിച്ച് ബാങ്കുകൾ വായ്പകൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സംരംഭകരുടെ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് ധനകാര്യ സ്ഥാപനങ്ങളിലേക്ക് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ കേന്ദ്രഗവൺമെന്റ് മുദ്ര, സ്റ്റാന്റ് അപ്പ് ഇന്ത്യ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**